**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2732** **13-10-2021 - ൽ മറുപടിയ്ക്ക്**

**മിശ്രവിവാഹം ചെയ്ത എസ്.സി. വിഭാഗത്തിൽപ്പെട്ടവർക്ക് സാമ്പത്തിക സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | മിശ്രവിവാഹം ചെയ്ത എസ്.സി. വിഭാഗത്തിൽപ്പെട്ടവർക്ക് വകുപ്പ് മുഖാന്തിരം നൽകുന്ന സാമ്പത്തിക സഹായം എത്രയാണെന്ന് വിശദമാക്കാമോ; | (എ) | മിശ്ര വിവാഹം ചെയ്ത പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വകുപ്പ് മുഖാന്തിരം 75,000/- രൂപ ധനസഹായമായി അനുവദിക്കുന്നു. |
| (ബി) | ഈ ആനുകൂല്യം ലഭിക്കുന്നതിനുള്ള അർഹതാ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും അപേക്ഷ എവിടെയാണ് നൽകേണ്ടതെന്നും അറിയിക്കുമോ; അപേക്ഷയോടൊപ്പം നൽകേണ്ട രേഖകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | മിശ്രവിവാഹ ധനസഹായം ലഭിക്കുന്നതിന് പങ്കാളികളിൽ ഒരാൾ പട്ടികജാതിയും മറ്റെയാൾ പട്ടികേതര സമുദായത്തിൽപ്പെട്ടതും ആയിരിക്കണം. വിവാഹ ശേഷം ഒരു വർഷം കഴിഞ്ഞ് മൂന്ന് വർഷത്തിനകം അപേക്ഷ ബന്ധപ്പെട്ട ബ്ലോക്ക്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസിൽ സമർപ്പിക്കണം. ഇതിനു പുറമെ അപേക്ഷ സമർപ്പിക്കാനായി ഒരു വർഷം കൂടി അധിക സമയമായി അനുവദിച്ച് നൽകിയിട്ടുണ്ട്. അപേക്ഷയോടൊപ്പം രണ്ട് പേരുടെയും ജാതി സർട്ടിഫിക്കറ്റ്, ദമ്പതികളിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടയാളുടെ വരുമാന സർട്ടിഫിക്കറ്റ്, ബാങ്ക് പാസ് ബുക്കിന്റെ കോപ്പി, ആധാർ, സഹവാസ സർട്ടിഫിക്കറ്റ്, വിവാഹ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം. വരുമാന പരിധി 1,00,000/- രൂപയിൽ കവിയാൻ പാടില്ല. |
| (സി) | കൊയിലാണ്ടി മണ്ഡലത്തിലെ പന്തലായനി ബ്ലോക്ക് എസ്.സി.ഡി. ഓഫീസ്, കൊയിലാണ്ടി നഗരസഭ എസ്.സി.ഡി. ഓഫീസ്, മേലടി എസ്.സി.ഡി. ഓഫീസ് എന്നിവിടങ്ങളിൽ നിന്നും നൽകിയ അപേക്ഷകളിൽ എത്രയെണ്ണത്തിന് ധനസഹായം അനുവദിക്കാൻ ബാക്കിയുണ്ടെന്നും എന്നു മുതലുള്ള അപേക്ഷകൾക്കാണ് സഹായം നൽകാനുള്ളതെന്നും വിശദമാക്കാമോ? | (സി) | കൊയിലാണ്ടി മണ്ഡലത്തിലെ പന്തലായനി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ നിന്നും ലഭിച്ച 30 അപേക്ഷകൾക്കും കൊയിലാണ്ടി നഗരസഭ പട്ടികജാതി വികസന ഓഫീസിൽ നിന്നും ലഭിച്ച 8 അപേക്ഷകൾക്കും, മേലടി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ നിന്നും ലഭിച്ച 16 അപേക്ഷകൾക്കും ധനസഹായം അനുവദിക്കാൻ ബാക്കിയുണ്ട്. 22.06.2020 തീയതി മുതൽ ലഭിച്ച അപേക്ഷകൾക്കാണ് ധനസഹായം അനുവദിക്കാൻ ബാക്കിയുള്ളത്. |

സെക്ഷൻ ഓഫീസർ

# പതിനഞ്ചാം കേരള നിയമസഭ

മൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2732      13.10.2021 ലെ മറുപടിയ്ക്ക്

## മിശ്രവിവാഹം ചെയ്ത എസ്.സി. വിഭാഗത്തിൽപ്പെട്ടവർക്ക് സാമ്പത്തിക സഹായം

| | ചോദ്യം<br><br>ശ്രീമതി കാനത്തിൽ ജമീല | | മറുപടി<br>കെ.രാധാകൃഷ്ണൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ,പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി) |
|---|---|---|---|
| എ) | മിശ്രവിവാഹം ചെയ്ത എസ്.സി. വിഭാഗത്തിൽപ്പെട്ടവർക്ക് വകുപ്പ് മുഖാന്തിരം നൽകുന്ന സാമ്പത്തിക സഹായം എത്രയാണെന്ന് വിശദമാക്കാമോ; | എ) | മിശ്ര വിവാഹം ചെയ്ത പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വകുപ്പ് മുഖാന്തിരം 75,000/- രൂപ ധനസഹായമായി അനുവദിക്കുന്നു. |
| ബി) | ഈ ആനുകൂല്യം ലഭിക്കുന്നതിനുള്ള അർഹതാ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും അപേക്ഷ എവിടെയാണ് നൽകേണ്ടതെന്നും അറിയിക്കുമോ; അപേക്ഷയോടൊപ്പം നൽകേണ്ട രേഖകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | ബി) | മിശ്രവിവാഹ ധനസഹായം ലഭിക്കുന്നതിന് പങ്കാളികളിൽ ഒരാൾ പട്ടികജാതിയും മറ്റെയാൾ പട്ടികേതര സമുദായത്തിൽപ്പെട്ടതും ആയിരിക്കണം. വിവാഹ ശേഷം ഒരു വർഷം കഴിഞ്ഞ് മൂന്ന് വർഷത്തിനകം അപേക്ഷ ബന്ധപ്പെട്ട ബ്ലോക്ക്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസിൽ സമർപ്പിക്കണം. ഇതിനു പുറമെ അപേക്ഷ സമർപ്പിക്കാനായി ഒരു വർഷം കൂടി അധിക സമയമായി അനുവദിച്ച് നൽകിയിട്ടുണ്ട്. അപേക്ഷയോടൊപ്പം രണ്ട് പേരുടെയും ജാതി സർട്ടിഫിക്കറ്റ്, ദമ്പതികളിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടയാളുടെ വരുമാന സർട്ടിഫിക്കറ്റ്, ബാങ്ക് പാസ് ബുക്കിന്റെ കോപ്പി, ആധാർ, സഹവാസ സർട്ടിഫിക്കറ്റ്, വിവാഹ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം. വരുമാന പരിധി 1,00,000/- രൂപയിൽ കവിയാൻ പാടില്ല. |

| | | | |
|---|---|---|---|
| സി) | കൊയിലാണ്ടി മണ്ഡലത്തിലെ പന്തലായനി ബ്ലോക്ക് എസ്.സി.ഡി. ഓഫീസ്, കൊയിലാണ്ടി നഗരസഭ എസ്.സി.ഡി. ഓഫീസ്, മേലടി എസ്.സി.ഡി. ഓഫീസ് എന്നിവിടങ്ങളിൽ നിന്നും നൽകിയ അപേക്ഷകളിൽ എത്രയെണ്ണത്തിന് ധനസഹായം അനുവദിക്കാൻ ബാക്കിയുണ്ടെന്നും എന്നു മുതലുള്ള അപേക്ഷകൾക്കാണ് സഹായം നൽകാനുള്ളതെന്നും വിശദമാക്കാമോ? | സി) | കൊയിലാണ്ടി മണ്ഡലത്തിലെ പന്തലായനി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ നിന്നും ലഭിച്ച 30 അപേക്ഷകൾക്കും കൊയിലാണ്ടി നഗരസഭ പട്ടികജാതി വികസന ഓഫീസിൽ നിന്നും ലഭിച്ച 8 അപേക്ഷകൾക്കും, മേലടി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ നിന്നും ലഭിച്ച 16 അപേക്ഷകൾക്കും ധനസഹായം അനുവദിക്കാൻ ബാക്കിയുണ്ട്. 22.06.2020 തീയതി മുതൽ ലഭിച്ച അപേക്ഷകൾക്കാണ് ധനസഹായം അനുവദിക്കാൻ ബാക്കിയുള്ളത്. |

**സെക്ഷൻ ഓഫീസർ**